## പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1901 | 10.03.2020 ൽ മറുപടിയ്ക്ക് |
|---|---|
| **ശിശുക്കളുടെ ആരോഗ്യസംരക്ഷണ പദ്ധതികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.എം. സ്വരാജ്** | **കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) ശിശുക്കളുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ നടത്തിവരുന്നുണ്ടെന്ന് അറിയിക്കുമോ; | എ) ശിശുക്കളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിന് അങ്കണവാടികളിലൂടെ അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നു. 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവരാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. 6 മാസം മുതൽ മൂന്ന് വയസ്സുവരെയുള്ള കുട്ടികൾക്ക് അങ്കണവാടികളിലൂടെ ഫോർട്ടിഫൈഡ് അമൃതം ന്യൂട്രിമിക്സ് എന്ന പോഷക മിശ്രിതം നൽകി വരുന്നു. അങ്കണവാടികളിൽ എത്തുന്ന 3 വയസ്സ് മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം (പഴം/അവൽ/ കപ്പലണ്ടിമിഠായി/പാൽ/മുട്ട ഇവയിലേതെങ്കിലും, ഉച്ചഭക്ഷണം (ചോറ്, പച്ചക്കറി, പയർ), വൈകുന്നേരങ്ങളിൽ ജനറൽ ഫീഡിംഗ് (ഉപ്പ്മാവ്/പായസം/അവൽ) എന്നിവ നൽകി വരുന്നു. ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് (എണ്ണ/പയർ/കടല/നുറുക്ക് ഗോതമ്പ്) എന്നിവ നിശ്ചിത അളവിൽ ടേക്ക് ഹോം റേഷനായി നൽകി വരുന്നു. കൂടാതെ ഗർഭാവസ്ഥയിലെ 9 മാസം |

| | |
|---|---|
| | മുതൽ കുട്ടിക്ക് 2 വയസ്സ് തികയുന്നതുവരെയുള്ള ആദ്യ 1000 ദിനങ്ങളിൽ കുട്ടികളുടെ സമഗ്ര വളർച്ച ഉറപ്പാക്കുന്നതിനും, മാതൃശിശു മരണ നിരക്കുകൾ കുറയ്ക്കുന്നതിനും അട്ടപ്പാടി മേഖല ഉൾപ്പെടെ തിരഞ്ഞെടുക്കപ്പെട്ട 10 തീരപ്രദേശങ്ങളിൽ ആദ്യത്തെ 1000 ദിനങ്ങൾ എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കുട്ടികളിലെ വളർച്ച മുരടിപ്പ് 6% കുറയ്ക്കുക, കുട്ടികൾക്കിടയിലെ പോഷഹാരക്കുറവ് കുറയ്ക്കുക [illegible]ിയ ലക്ഷ്യത്തോടെ സമ്പുഷ്ടകേരളം എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. |
| ബി) പ്രസ്തുത പദ്ധതികൾ കൂടുതൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | ബി) അങ്കണവാടികളിൽ മൂന്നു വയസ്സ് മുതൽ ആറ് വയസ്സ് വരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണത്തിന് നൽകി വരുന്ന അരി 8 മൈക്രോ ന്യൂട്രിയന്റ്സ് ഉപയോഗിച്ച് ഫോർട്ടിഫൈ ചെയ്യുന്ന പദ്ധതി കണ്ണൂർ ജില്ലയിൽ 8 ഐസിഡിഎസ് പ്രോജക്ടുകളിൽ ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ടി പദ്ധതി കണ്ണൂർ ജില്ലയിൽ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>അട്ടപ്പാടിയിലും തിരഞ്ഞെടുക്കപ്പെട്ട 10 തീരദേശ/ മലയോര പ്രദേശങ്ങളിലും നടപ്പിലാക്കി വരുന്ന ആദ്യത്തെ 1000 ദിനങ്ങൾ എന്ന പദ്ധതി മറ്റ് 7 തീരദേശ/മലയോര പ്രോജക്ടുകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ